## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1136 — 12..03..2015 -ൽ മറുപടിയ്ക്ക്

### വടകരയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. സി.കെ.നാണു | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വടകരയിലെ അഴിയൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള ഒരു സ്ഥാപനം ആരംഭിക്കുമെന്ന് വാഗ്ദാനം നൽകിയതിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് അതിനുവേണ്ടി പ്രത്യേകം സ്ഥലം കണ്ടെത്തി ഗവൺമെന്റിനെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വടകരയിലെ അഴിയൂർ പഞ്ചായത്തിൽ ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള ഒരു സ്ഥാപനം ആരംഭിക്കുന്നതിനായി ഗവൺമെന്റ് കപ്പിള ജൂനിയർ ബേസിക് സ്കൂളിന്റെ കാമ്പസിൽ സ്ഥലം അനുവദിക്കാമെന്ന് അഴിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വാഗ്ദാനം ചെയ്തിരുന്നെങ്കിലും നാളിതുവരെ സ്ഥലം കൈമാറ്റം ചെയ്തിട്ടില്ല. |
| (ബി) ഐ.എച്ച്.ആർ.ഡി യുടെ കീഴിലുള്ള ഒരു സ്ഥാപനമോ അല്ലെങ്കിൽ ഏതെങ്കിലും ഐടി. സ്ഥാപനമോ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുമോ ? | (ബി) സ്ഥലം കൈമാറ്റം ചെയ്യാത്ത സ്ഥിതിയ്ക്ക് പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ